ഖുത്വ്ബ
15.08.08
ഹംബര്‍ഗ്, ജര്‍മനി

# പള്ളിനിര്‍മ്മാണവും നമ്മുടെ കടമകളും

قُلْ اَمَرَ رَبِّىْ بِالْقِسْطِ ۗ وَاَقِيْمُوْا
وُجُوْهَكُمْ عِنْدَ كُلِّ مَسْجِدٍ وَّادْعُوْهُ
مُخْلِصِيْنَ لَهُ الدِّيْنَ ۚ كَمَا بَدَاَكُمْ
تَعُوْدُوْنَ

**ജ**ര്‍മനി ജല്‍സയ്ക്കു മുമ്പേ, ഫ്രാങ്ക്ഫര്‍ട്ടില ല്ലാതെ മറ്റൊരിടത്തും ഞാന്‍ സാധാരണ പോകാറില്ല. പോയിട്ടില്ല. ഇപ്രാവശ്യം ജര്‍മനി ജല്‍സ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് മുമ്പേ നടക്കുകയാണ്. അതു കൊണ്ട് ലണ്ടനില്‍നിന്ന് ജര്‍മനി ജല്‍സയില്‍ പങ്കെടു ക്കാന്‍ വേഗം പുറപ്പെടേണ്ടിവന്നു. വിദേശത്തുനിന്ന് യു.കെ. ജല്‍സയില്‍ പങ്കെടുക്കാന്‍ വന്ന അതിഥിക ളുമായുള്ള കൂടിക്കാഴ്ചയും വേഗത്തിലാക്കാന്‍ ശ്രമി ച്ചു. വന്‍ജനാവലിയാണ് ഇപ്രാവശ്യം പാക്കിസ്ഥാനില്‍ നിന്നും മറ്റു രാജ്യങ്ങളില്‍നിന്നും യു.കെ ജല്‍സയില്‍ പങ്കെടുത്തത്. പക്ഷേ, പലര്‍ക്കും മുലാഖാത്ത് നട ത്താന്‍ അവസരം കിട്ടിയിട്ടില്ലെന്ന് ഞാന്‍ വിചാരി ക്കുന്നു; കാരണം ജര്‍മനിയില്‍ പെട്ടെന്ന് വരേണ്ടിവന്നു.

ഒന്നാമത്തെ കാരണം സാധാരണയില്‍നിന്ന് വ്യത്യസ്തമായി ജര്‍മനി ജല്‍സാസാലാന നടക്കുന്നത് ഒരാഴ്ച നേരത്തെയാണ്. മറ്റൊന്ന്, ഹംബര്‍ഗില്‍ ചെന്നിട്ട് വളരെക്കാലമായെന്നും അതുകൊണ്ട് ഹംബര്‍ഗിലും പര്യടനം നടത്തണമെന്നും അതിന ടുത്ത് നിര്‍മ്മിച്ചിട്ടുള്ള പള്ളിയുടെ ഉദ്ഘാടനം നിര്‍വ ഹിക്കണമെന്നുമുള്ള ജര്‍മനി അമീര്‍സാഹിബിന്റെ സമ്മര്‍ദ്ദമാണ്. രണ്ട് പള്ളികളുടെ ഉദ്ഘാടനമാണ് നടക്കേണ്ടിയിരുന്നത്. ഒന്നിന്റേത് ഇന്നലെ നടന്നുക ഴിഞ്ഞു; സ്റ്റാമ്മെയിലുള്ള ബയ്തുല്‍ കരീമിന്റെ ഉദ്ഘാ ടനമാണ് നടന്നത്. രണ്ടാമത്തേത് നാളെ തിരിച്ചുപോ കുമ്പോള്‍ ഇന്‍ശാഅല്ലാഹ്. ബയ്ത്തുസ്സമീഅ്ന്റെ ഉദ്ഘാടനം നടക്കും.

റമദാനും ഈ വര്‍ഷം നേരത്തെ വന്നുകൊണ്ടി രിക്കുന്നു. അതുകൊണ്ട് ജല്‍സയ്ക്ക് ശേഷം പൊതുവെ നടക്കുന്ന പരിപാടികള്‍, പള്ളി ഉദ്ഘാടനം തുടങ്ങിയ നേരത്തെ ചെയ്യേണ്ടതായിവരുന്നു. ജല്‍സയ്ക്കു ശേഷം ഇവിടെ നില്ക്കാന്‍ കഴിയുകയില്ലെന്നത് വ്യക്തമാണ്. ഇന്ന് 'പള്ളികള്‍' എന്ന വിഷയത്തെക്കുറിച്ച് ഞാന്‍ കുറച്ചു കാര്യങ്ങള്‍ പറയുന്നതാണ്.

പള്ളികള്‍ അല്ലാഹുവിനെ ആരാധിക്കുന്നതിനു വേണ്ടിയാണ് നിര്‍മ്മിക്കപ്പെടുന്നതെന്ന് നമുക്കറിയാം. ഇക്കാരണത്താല്‍ ഒരു അഹ്മദി മുസ്‌ലിമിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ഈ പള്ളികള്‍, അങ്ങനെ തന്നെയാണ് വേണ്ടതും. അതിന്റെ പ്രാധാന്യത്തെ കണക്കിലെടുത്ത്, കഴിയുന്നിടത്തൊക്കെ നേരിട്ടുപോയി ഉദ്ഘാടനം ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ചുവര്‍ഷത്തിനുള്ളില്‍, ജര്‍മ്മനിയിലും മറ്റു രാജ്യങ്ങളിലും പള്ളി നിര്‍മ്മിക്കുന്നതിലേക്ക് ജമാഅ ത്തിന്റെ ശ്രദ്ധ വളരെയധികമുണ്ടായിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിര്‍ദ്ദേശത്തിന്റെ വെളിച്ചത്തില്‍ ജമാഅത്തിന്റെ ശ്രദ്ധ ഈ ഭാഗത്തേക്ക് ഞാന്‍ തിരിച്ചു വിട്ടുകൊണ്ടിരിക്കുന്നു. അതായത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "എവിടെയൊക്കെ ജമാഅ ത്തിനെ പരിചയപ്പെടുത്തണമോ, ഇസ്‌ലാമിനെ പ്രബോ ധിക്കണമോ, ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപ നത്തെ ജനങ്ങള്‍ക്ക് എത്തിച്ചുകൊടുക്കണമോ അവിടെയൊക്കെ പള്ളികള്‍ നിര്‍മ്മിക്കുക." ഇതുമു ഖേന നമ്മുടെ ശിക്ഷണത്തിനുള്ള അവസരവും കിട്ടും, പ്രബോധനത്തിനുള്ള അവസരവും കിട്ടും. നമ്മള്‍ ഏതെങ്കിലും പള്ളി നിര്‍മ്മിക്കാന്‍ ചിന്തിക്കുമ്പോഴും, അത് നിര്‍മ്മിക്കുമ്പോഴും ഈ പ്രധാനപ്പെട്ട ഉദ്ദേശ്യം എപ്പോഴും നമ്മുടെ കണക്കിലുണ്ടാകാന്‍ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇതിന്റെ അടിസ്ഥാനത്തില്‍ ഓരോ അഹ്മദി പുരുഷനും സ്ത്രീയും യുവാവും വൃദ്ധനും തങ്ങളെക്കുറിച്ച് വിലയിരുത്തിക്കൊണ്ടിരു ന്നാല്‍, പള്ളികളുടെ നിര്‍മ്മാണംകൊണ്ട്, അനുഗ്രഹം പ്രാപിക്കുന്നവരാകും.

ഹംബര്‍ഗില്‍ ചെറിയൊരു പള്ളിമാത്രമുണ്ടായി രുന്ന കാലമുണ്ടായിരുന്നു. ഇപ്പോഴും അത് നിലവിലു ണ്ട്. അഹ്മദികളുടെ അംഗസംഖ്യയും പരിമിതമായി രുന്നു. അന്ന് ആ പള്ളി മതിയായതുമായിരുന്നു. പ്രദേ ശവാസികളിലും, അത് നല്ല സ്വാധീനം ചെലുത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഇപ്പോഴും അത് നില

നില്ക്കുന്നു. പക്ഷേ, പിന്നീട് ജമാഅത്തിന്റെ അംഗ സംഖ്യ വർദ്ധിച്ചു. അപ്പോൾ നിങ്ങൾ ഇപ്പോൾ ബയ്ത്തുർറശീദ് എന്നറിയപ്പെടുന്ന സ്ഥലം വാങ്ങി. ആ സ്ഥലത്ത് വലിയ ഹാളുണ്ട്. അവിടെ നമസ്കരിക്കാൻ കഴിയും. മുമ്പേ ഇവിടെ വന്നപ്പോഴെല്ലാം പള്ളി എപ്പോഴും നിറഞ്ഞിരിക്കുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. സമീപവാസികളും ജുമുഅ നമസ്കരിക്കുന്നതിനായി വരാറുണ്ടായിരുന്നു. ഇപ്പോൾ പന്തലിടേണ്ടിവന്നിരിക്കുകയാണ്. ആ സ്ഥലവും ചെറുതായിക്കഴിഞ്ഞിരിക്കുന്നു. എന്നല്ല, ഇന്നലെ മഗ്രിബ് ഇശാഅ് നമസ്കാരത്തിനും ഈ സ്ഥലം ചെറുതായി അനുഭവപ്പെട്ടു. പള്ളിക്ക് പുറത്തുനിന്നും നമസ്കരിക്കേണ്ടി വന്നു. അതുകൊണ്ടാണ് ഇന്നിവിടെ, ഈ ഹാളിൽ ജുമുഅ നമസ്കരിക്കാൻ ഏർപ്പാട് ചെയ്തിട്ടുള്ളത്.

നമ്മൾ ചാടിക്കടന്ന് വലിയത് നിർമ്മിക്കുമ്പോൾ, അല്ലാഹു തന്റെ അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് ആവശ്യം പിന്നെയും വർദ്ധിപ്പിക്കുന്നു എന്നത് അവന്റെ ഔദാര്യമാണ്. അല്ലാഹുവിന്റെ ആത്മാർത്ഥരായ ദാസരായിക്കൊണ്ട് അവന്റെ വീടിനെ ജനബാഹുല്യമുള്ളതാക്കി നിറുത്താൻ നാം ശ്രമിക്കുകയാണെങ്കിൽ, അവൻ നമ്മുടെ ആവശ്യം വർദ്ധിപ്പിച്ചുകൊണ്ടിരിക്കും; അങ്ങനെ നമ്മുടെ ആവശ്യങ്ങളും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കും. അതിനാൽ, പള്ളികളുടെ സൗന്ദര്യം കൂട്ടുന്നതിനായി എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കണമെന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. ആ പരിശ്രമം എങ്ങനെയാണ് നടക്കുക? അല്ലാഹുവും അവന്റെ റസൂലും(സ) നമ്മളോട് പറഞ്ഞിട്ടുള്ളതു പോലെ പ്രവർത്തിച്ചെങ്കിലേ അത് പൂർത്തിയാകുകയുള്ളൂ. ഞാനോതിയ വിശുദ്ധഖുർആന്റെ വചനത്തിൽ അല്ലാഹു പറയുന്നു:

"പറയുക, എന്റെ നാഥൻ നീതി പാലിക്കാൻ കല്പിച്ചിരിക്കുന്നു. ഇപ്രകാരംതന്നെ നിങ്ങൾ ഓരോ മസ്ജിദിലും നിങ്ങളുടെ ശ്രദ്ധ അല്ലാഹുവിലേക്കാക്കണമെന്നും പറഞ്ഞിരിക്കുന്നു. ദീൻ അവനുവേണ്ടി മാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ട് അവനെതന്നെ വിളിക്കുക. അവൻ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചതുപോലെ അവനിലേക്ക് നിങ്ങൾ മടങ്ങുന്നതാണ്" (7:30).

ഈ വചനത്തിലൂടെ അല്ലാഹു പള്ളിയിൽ വരുന്നവരുടെ ശ്രദ്ധ ചില കാര്യങ്ങളിലേക്ക് ക്ഷണിച്ചിരിക്കുകയാണ്. ഓരോ സത്യവിശ്വാസിയുടെയും ആദ്യത്തെ നിർബന്ധകടമയാണ്, 'അല്ലാഹു തന്നോട് നീതിപാലിക്കാൻ കല്പിച്ചിരിക്കുന്നു' എന്ന് പ്രഖ്യാപിക്കുക എന്നത്. നീതി എന്താണ്? ഇതുസംബന്ധമായി അല്ലാഹു മറ്റൊരിടത്ത് പറയുന്നു:

إِنَّ اللَّهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا وَإِذَا حَكَمْتُمْ بَيْنَ النَّاسِ أَنْ تَحْكُمُوا بِالْعَدْلِ ۚ إِنَّ اللَّهَ نِعِمَّا يَعِظُكُمْ بِهِ ۗ إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا ۝

"നിശ്ചയമായും അല്ലാഹു, 'അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കല്പിക്കണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു."

ഇവിടെ ഒരു സത്യവിശ്വാസിയുടെ നീതിയുടെ തേട്ടമനുസരിച്ചുള്ള നിലവാരം, സ്ഥാപിതമാകുന്നത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുമ്പോഴാണെന്ന് എപ്പോഴും ഓർമ്മിക്കേണ്ടതുണ്ട്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റപ്പെടുന്നതെങ്ങനെയാണ്? ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "വിശ്വസ്തനായ അല്ലാഹു നമുക്ക് നല്കിയതെന്തോ അത് അവന് തിരിച്ചുകൊടുക്കുമ്പോഴാണ് നാം സത്യസന്ധരായ ദാസരായിത്തീരുന്നത്. അല്ലെങ്കിൽ തിരിച്ചുകൊടുക്കാൻ സന്നദ്ധരാകുമ്പോഴാണ്". മറ്റൊരിടത്ത് ആ മഹാത്മാവ് പറഞ്ഞു: "ഈ കടമ യഥാർത്ഥമായ നിലയിൽ നിറവേറ്റിയത് നബി(സ)യാണ്." ആ മഹാത്മാവ് തുടരുന്നു: "അമാനത്ത് എന്നതു കൊണ്ടുള്ള ഉദ്ദേശ്യം പരിപൂർണ്ണനായ മനുഷ്യന്റെ ആ സകലശക്തികളും ബുദ്ധിയും, അറിവും, ഹൃദയവും, ജീവനും, ഇന്ദ്രിയങ്ങളും, ഭയവും, സ്നേഹവും ആദരവും സൗന്ദര്യവും ആത്മീയവും ഭൗതികവുമായ എല്ലാ വിധ അനുഗ്രഹങ്ങളുമാണ്. അത് അല്ലാഹു പരിപൂർണ്ണമനുഷ്യന് നല്കാറുള്ളതാണ്. പിന്നീട് പരിപൂർണ്ണനായ മനുഷ്യൻ, '***ഇന്നല്ലാഹ യഅ്മുറുക്കും അൻതുഅദ്ദുൽ അമാനാത്തി ഇലാ അഹ്‌ലിഹാ***' എന്ന ഖുർആനികവചനമനുസരിച്ച് ആ എല്ലാ അമാനത്തുകളേയും അല്ലാഹുവിന് തിരിച്ചുനല്കുന്നു." അതായത് അവനിൽ വിലയം പ്രാപിച്ച് അവന്റെ വഴിയിൽ അർപ്പണം ചെയ്യുന്നു. ആ മഹാത്മാവ് പറയുന്നു: "ഈ തേജോവിലാസം ഉന്നതവും പരിപൂർണ്ണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ രക്ഷകനും നമ്മുടെ മാർഗ്ഗദർശകനും നിരക്ഷരനായ നബിയും സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ(സ)യിൽ ഉണ്ടായിരുന്നു." അതിനാൽ, ഇതാണ് നബി(സ) സ്ഥാപിച്ച ആ നീതിയുടെ അത്യുന്നതമായ നിലവാരം. ഈ മാതൃക സ്ഥാപിച്ചുകൊണ്ട്, നമ്മളോടും നമ്മുടെ ഓരോരുത്തരുടേയും കഴിവനുസരിച്ച്, ഈ കടമ നിറവേറ്റാൻ പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നബി(സ) തിരുമേനിയുടെ ജീവിതമാതൃക

പാലിക്കാൻ അല്ലാഹുവിൽനിന്ന് നമുക്കുള്ള കല്പന യാണിത്. ആ പരിപൂർണ്ണമായ മാതൃകയെ പിൻപറ്റാൻ നിങ്ങൾ ശ്രമിക്കേണ്ടതാണ്. “അല്ലാഹു നമുക്ക് നല്കി യിട്ടുള്ളതിനെ തിരിച്ചുകൊടുക്കുമ്പോഴാണ് അല്ലെങ്കിൽ തിരിച്ചുകൊടുക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മൾ സത്യ സന്ധരായ ദാസരായിത്തീരുക” എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. അതായത് നബി(സ) തിരുമേനി സ്ഥാപിച്ച ജീവിതമാതൃകയിലൂടെ നടക്കു ന്നതിനായി എപ്പോഴും നാം സന്നദ്ധരായിരിക്കണം. നബി (സ) മാത്രമാണ് ‘അല്ലാഹു നല്കിയത് അവന് തിരിച്ചുകൊടുക്കുക’ എന്ന കടമ ശരിയായനിലയിൽ നിറവേറ്റിയത്. ഇതിനായി ശ്രമിക്കേണ്ടതും ഒരു സത്യ വിശ്വാസിയുടെ നിർബന്ധകടമയാണ്. ഇതുതന്നെ യാണ് സത്യവിശ്വാസിയാണെന്നതിനുള്ള അടയാളവും. ഈ ചിന്താഗതിയുണ്ടാകുമ്പോൾ, നീതിയുടെ തേട്ടം എന്താണോ അത് പൂർത്തിയാകുന്നു; പൂർത്തിയാകും. അഅ്റാഫ് എന്ന അധ്യായത്തിൽ ‘***അമറ റബ്ബീ ബിൽഖിസ്ത്***’ (എന്റെ റബ്ബ് നീതി പാലിക്കാൻ കല്പി ച്ചിരിക്കുന്നു) എന്ന് പറഞ്ഞുകൊണ്ട് ഏതൊരു നീതി പാലിക്കാനാണോ കല്പിച്ചിട്ടുള്ളത്, അത് രണ്ടു രീതി യിലാണ് നടപ്പിൽ വരുന്നത്. ഒന്ന് അല്ലാഹുവിനോ ടുള്ള കടമ നിറവേറ്റിക്കൊണ്ട്. അല്ലാഹുവിന്റെ അനു ഗ്രഹങ്ങൾ അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഉപയോഗിക്കുമ്പോഴും അവൻ നല്കിയിരിക്കുന്ന അമാ നത്തുകളെ- സൂക്ഷിപ്പുമുതലുകളെ അതിനോടുള്ള കടമ നിറവേറ്റി തിരിച്ചുകൊടുക്കുമ്പോഴുമാണ്. മറ്റേത്, ജന ങ്ങളുടെയിടയിൽ നീതി സ്ഥാപിക്കുമ്പോഴാണ് അത് നിറവേറ്റപ്പെടുന്നത്. ഈ രണ്ടു കാര്യങ്ങളും നിർവഹി ക്കുന്നതിനുള്ള ശ്രമം അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണുണ്ടാകുന്നത് എന്ന് അവൻ പറഞ്ഞിരിക്കു ന്നു. അതിൽ വിജയം ലഭിക്കേണ്ടതും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ്. അതിനാൽ പള്ളിയിൽ വരു മ്പോൾ, നിങ്ങളുടെ ശ്രദ്ധ അല്ലാഹുവിലേക്ക് മാത്രം ശരിയാക്കിവയ്ക്കുക. നമസ്കാരത്തിനായി നില്ക്കു മ്പോൾ, അവനെ മാത്രം വിളിക്കുക. അവനിൽനിന്ന് അനുഗ്രഹം തേടുക; തന്നോടും സമസൃഷ്ടികളോടു മുള്ള കടമ നിറവേറ്റാൻ അല്ലാഹു നമുക്ക് കഴിവ് നല്കു ന്നതിനും, മറ്റുള്ള ആരുടെയും അവകാശം പിടിച്ചെടു ക്കാൻ ഇടവരാതെ നീതി പാലനത്തിന്റെ തേട്ടം എന്താണോ അത് പൂർത്തിയാക്കാനും തൗഫീഖ് ലഭി ക്കുന്നതിനു വേണ്ടിയാണിത്.

ഈ രീതിയിൽ ആരാധനാകർമ്മങ്ങളനുഷ്ഠിക്കു ന്നവരും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരും അല്ലാഹുവിന്റെ സ്നേഹം ആകർഷിച്ചെടുക്കുന്നവരാ യിരിക്കും. കാരണം, ഈ ആത്മാർത്ഥമായ ആരാധന യാണ് അല്ലാഹു സ്വീകരിക്കുന്നത്. അല്ലാഹു ബസീറു മാണ്. ബാഹ്യമായ വസ്തുക്കൾ മാത്രമല്ല കാണുന്ന ത്. അല്ലെങ്കിൽ കണ്ടുകൊണ്ടിരിക്കുന്നത്. മറിച്ച്, അവന്റെ ദൃഷ്ടി അഗാധമാണ്. ഹൃദയങ്ങളുടെ ഉള്ളിലു ള്ളതും അവൻ കണ്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ പാതാളംവരെ അവനറിയാം. ‘ഞാനിതെല്ലാം ചെയ്യു ന്നു, അതുകൊണ്ട് നീ സ്വീകരിച്ചാലും’ എന്ന് അല്ലാ ഹുവിനോട് പറയാൻ മനുഷ്യന് സാധ്യമല്ല. കാരണം താൻ ബസ്വീറാണെന്ന് അല്ലാഹു പറയുന്നു. “നിങ്ങ ളുടെ ഹൃദയത്തിലുള്ളതും ഞാൻ കണ്ടുകൊണ്ടിരിക്കു ന്നു. നിങ്ങൾ എന്തുദ്ദേശ്യത്താലാണ് അമാനത്തുകൾ തിരിച്ചു നല്കിയതെന്നും എനിക്കുവേണ്ടി മാത്ര മാണോ നിങ്ങൾ നമസ്കരിച്ചതെന്നും ഞാൻ നോക്കു ന്നുണ്ട്. എന്റെ കല്പനയിലൂടെ നടന്നുകൊണ്ട് നീതി യുടെ തേട്ടമെന്താണോ അത് പൂർത്തിയാക്കാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ എന്നും ഞാൻ നോക്കുന്നു ണ്ട്.”

നമസ്കാരത്തിൽ നില്ക്കുമ്പോൾ അല്ലാഹുവി നെക്കുറിച്ചുള്ള എന്തു ചിത്രമാണ് മുന്നിൽ വരേണ്ട തെന്ന് ഒരിക്കൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറ ഞ്ഞു, “വലിയൊരു കാര്യമാണിത്. വിശുദ്ധഖുർആനിൽ ***ഉദ്ഊഹു മുഖ്ലിസ്വീന ലഹുദ്ദീൻ*** എന്നെഴുതിയിരി ക്കുന്നു. ആത്മാർത്ഥതയോടുകൂടി അല്ലാഹുവിനെ സ്മരിക്കേണ്ടതാണ്. അവന്റെ ഔദാര്യങ്ങളെക്കുറിച്ച് ധാരാളം പഠിക്കേണ്ടതുമാണ്.’’ അതായത് മനുഷ്യനു മേൽ അല്ലാഹു ചെയ്തിട്ടുള്ള ഔദാര്യങ്ങൾ എപ്പോഴും കണക്കിലെടുക്കേണ്ടതാണ്. നിങ്ങളിൽ ധാരാളമാളുകൾ ഇവിടെയുള്ളവരാണ്. നിങ്ങൾ നിങ്ങളെ വിലയിരുത്തി ക്കൊണ്ടിരിക്കുക. അല്ലാഹുവിന്റെ ഔദാര്യങ്ങളും പാരി തോഷികങ്ങളും എണ്ണിക്കൊണ്ടിരിക്കുക. എന്നാൽ, ശരി യായ ആരാധനയിലേക്ക് ശ്രദ്ധയുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “അവന്റെ ഔദാര്യ ങ്ങൾ ധാരാളമായി പഠിക്കേണ്ടതാണ്. ആത്മാർത്ഥത യും സൽക്കർമ്മങ്ങളും ഉണ്ടാകേണ്ടതാണ്. അവൻ മാത്രമാണ് രക്ഷകനെന്നും യഥാർത്ഥ പരിപാലക നെന്നും കരുതി അവനിലേക്ക് മടങ്ങേണ്ടതാണ്. ആരാ ധനാ നിയമങ്ങളുടെ ചുരുക്കം യഥാർത്ഥത്തിൽ, ‘അല്ലാ ഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന നിലയിൽ, തന്നെ എഴുന്നേല്പിച്ചുനിറുത്തുക’ എന്നതുതന്നെയാ ണ്. അല്ലെങ്കിൽ അല്ലാഹു തന്നെ കണ്ടുകൊണ്ടിരി ക്കുന്നു എന്ന് കരുതുക. എല്ലാതരം കലർപ്പുകളിൽ നിന്നും ബഹുദൈവ വിശ്വാസങ്ങളിൽനിന്നും പരിശു ദ്ധനായിത്തീരേണ്ടതാണ്. അല്ലാഹുവിന്റെ മഹത്വവും അവന്റെ പരിപാലനത്വവും ഗൗനിക്കുക. സുന്നത്താക്ക പ്പെട്ട പ്രാർത്ഥനകളും മറ്റു പ്രാർത്ഥനകളും ധാരാളമായി ചെയ്യുക. അധികമായി പശ്ചാത്തപിക്കുകയും പാപപ്പൊ റുതി തേടുകയും ചെയ്യുക. ആവർത്തിച്ചാവർത്തിച്ച് സ്വന്തം ബലഹീനത പ്രകടിപ്പിക്കുക; മനപരിശുദ്ധി ഉണ്ടാക്കുന്നതിനും അല്ലാഹുവിനോട് യഥാർത്ഥ ബന്ധം ഉണ്ടാക്കുന്നതിനും അവന്റെ സ്നേഹത്തിൽ

വിലയം പ്രാപിക്കുന്നതിനും വേണ്ടിയാണിത്.”

ഈ രീതിയിൽ നമസ്കാരത്തിൽ ശ്രദ്ധയുണ്ടാകണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിരിക്കുന്നു. ഇതിന്റെ ഉന്നതമായ ഉദാഹരണം നബി(സ) തിരുമേനിയിൽ നമുക്ക് കാണാൻ കഴിയുന്നു. സമ്പൂർണ്ണമായ ജീവിതമാതൃക അതാണ്. അല്ലാഹുവിൽ ആ മഹാത്മാവ് വിലയം പ്രാപിച്ചു. എത്രമാത്രം ഉന്നതമായ നിലയിലെന്നുവെച്ചാൽ അല്ലാഹു വിളംബരം ചെയ്യിച്ചു, ***ഖുൽ ഇന്നസ്സ്വലാത്തീ വനുസുക്കീ വ മഹ്‌യായ വ മമാത്തി ലില്ലാഹി റബ്ബിൽ ആലമീൻ.*** നീ പറയുക, എന്റെ നമസ്കാരവും എന്റെ പരിത്യാഗവും എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനാകുന്നു. അവൻ സകലലോകത്തിന്റേയും പരിപാലകനാണ്. ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അവരോട് പറയുക, എന്റെ ആരാധനയും എന്റെ പരിത്യാഗവും എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിന്റെ വഴിയിലാണ്. അതായത് അതിനെ പെട്ടെന്ന് വെളിപ്പെടുത്തുന്നതിനും, അവന്റെ ദാസന്മാർക്ക് സൗഖ്യം നല്കുന്നതിനും വേണ്ടിയാണിത്; എന്റെ മരണംകൊണ്ട് അവർക്ക് ജീവിതം ലഭിക്കാൻ. ഈ മരണം കൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? ഇത് വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ഈ വചനത്തിന്റെ ഉദ്ദേശ്യം, നബി (സ) തിരുമേനി യഥാർത്ഥത്തിൽ സഹാനുഭൂതി കാണിച്ചും കഠിനാധ്വാനം ചെയ്തും മനുഷ്യകുലത്തിന്റെ മോചനത്തിനായി ജീവൻ സമർപ്പണം ചെയ്യുകയും പ്രാർത്ഥനയോടും, പ്രബോധനത്തോടും കൂടി അവരുടെ അക്രമവും ദ്രോഹവും സഹിക്കുകയും അനുയോജ്യവും യുക്തിപരവുമായ പ്രവർത്തിയിലൂടെ തന്റെ ജീവനേയും തന്റെ സുഖത്തേയും ഈ വഴിയിൽ ബലിയർപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ്.”

അല്ലാഹുവിന്റെ ഒരു ദാസൻ, അവന്റെ സ്നേഹത്തിൽ അലിഞ്ഞുചേർന്നുകഴിയുകയോ, അല്ലെങ്കിൽ അതിനായി ശ്രമിക്കുകയോ നബി(സ)യുടെ ഈ ജീവിതമാതൃകയെ കണക്കിലെടുക്കുകയോ ചെയ്താൽ അതിന് ഇപ്പറഞ്ഞ ഫലമല്ലാതെ മറ്റൊന്നും പുറത്തുവരികയില്ല. അതായത്, അവൻ അല്ലാഹുവിന്റെ യഥാർത്ഥ ആരാധകനായിത്തീരുന്നു. അവന്റെ സൃഷ്ടികളുടെ സേവനത്തിനായി നീതിപാലനത്തിന്റെ സകല തേട്ടങ്ങളും പൂർത്തിയാക്കുന്നവനായി മാറുന്നു. അല്ലാഹു നബി(സ) തിരുമേനി മുഖേന ഇറക്കിയ ആ യഥാർത്ഥമായ അധ്യാപനംകൊണ്ട് ലോകത്തെ തെളിമയാർന്നതാക്കുക. യഥാർത്ഥമായ നീതി ലോകത്ത് നടപ്പാക്കാൻ അത് ആവശ്യമാണ്. ഒരാൾ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിന്റെ എല്ലാ തേട്ടങ്ങളും പൂർത്തിയാക്കുകയും ചെയ്യുകയാണെങ്കിൽ, അവൻ തന്റെ ആത്മാവിന്റെ ഉന്നതമായ പരിശുദ്ധി കരസ്ഥമാക്കുന്നവനാകാതിരിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. അതിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നവനാകാതിരിക്കുകയുമില്ല. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനയനുസരിച്ചുള്ള കർമ്മവും നബി(സ)യുടെ ജീവിതമാതൃകയെ പിൻപറ്റിക്കൊണ്ടുള്ള നടത്തവും ഒരു മനുഷ്യനെ, അവൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുമ്പോൾ നിഷ്ക്കളങ്കവും പരിശുദ്ധവുമായ ആത്മാവിന്റെ രൂപത്തിൽ ഹാജരാക്കുന്നു. ഈ സ്ഥാനവും ലക്ഷ്യവും കരസ്ഥമാക്കുന്നതിന് അല്ലാഹു, നഹ്ൽ എന്ന അധ്യായത്തിൽ ഇങ്ങനെ കല്പിക്കുന്നു.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَائِ
ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ
وَالْمُنكَرِ وَالْبَغْيِ ۚ يَعِظُكُمْ لَعَلَّكُمْ
تَذَكَّرُونَ ﴿٩١﴾

തീർച്ചയായും അല്ലാഹു നീതി പുലർത്തുന്നതിനും നന്മ ചെയ്യുന്നതിനും അടുത്തബന്ധുക്കൾക്കെന്നപോലെ സഹായം നല്കുന്നതിനും കല്പിക്കുന്നു. നീച പ്രവൃത്തിയേയും നിഷിദ്ധകർമ്മങ്ങളേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഗുണത്തിനായി അവൻ നിങ്ങളെ ഉപദേശിക്കുന്നു (16:91).

ഈ വചനത്തിൽ ആ രീതി കൂടുതൽ വ്യക്തമായി അല്ലാഹു പറഞ്ഞിരിക്കുന്നു. ഇതുമുഖേന മനുഷ്യന് അല്ലാഹുവിനോടുള്ള കടമ നിറവേറ്റാനും, നീതിപാലനത്തിന്റെ തേട്ടം എന്താണോ അത് പൂർത്തിയാക്കിക്കൊണ്ട് മനുഷ്യരോടുള്ള കടമ നിറവേറ്റാനും തന്റെ ആത്മാവിനെ ശുദ്ധീകരിക്കാനും സാധിക്കും. ആത്മാർത്ഥതയോടെ അല്ലാഹുവിന്റെ മുമ്പിൽ കുനിയുക എന്നതിന്റെ അർത്ഥമിതാണ്. ഈ ആയത്തിന്റെ ആദ്യഭാഗം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ വചനത്തിന്റെ അർത്ഥം ഇങ്ങനെയാണ്, നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിനോട്, അവനെ അനുസരിക്കുന്നതിൽ നീതിയുടെ മാർഗ്ഗം ശ്രദ്ധിക്കുക. അക്രമിയാകരുത്. അവനല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ല. സ്നേഹത്തിന്നർഹനുമാരുമില്ല. സമർപ്പണത്തിന്നർഹനുമാരുമില്ല. കാരണം പ്രത്യേകമായ സ്രഷ്ടത്വവും സ്ഥായിത്വവും പരിപാലനത്വവുംകൊണ്ട് എല്ലാ വസ്തുവും അവന്റേതുതന്നെയാണ്.'' അവൻതന്നെയാണ് നമ്മുടെ സ്രഷ്ടാവ്. പ്രപഞ്ചത്തിന്റെ മുഴുവനും ഇതിൽ വസിക്കുന്ന ഓരോന്നി

ന്റേയും സ്രഷ്ടാവാണ് അവൻ. അതുകൊണ്ട്, സമർപ്പണത്തിന്നർഹൻ അവൻ തന്നെയാണ്. സ്ഥായിത്വവും അവനുള്ളതാണ്. അവൻ എന്നെന്നും നിലനില്ക്കുന്നവനാണ്. ആദ്യവും അന്ത്യവും ഇല്ലാത്തവനാണ്. എന്തൊന്നാണോ അവൻ സൃഷ്ടിച്ചത്, അതിന് നിശ്ചയിക്കപ്പെട്ട സമയംവരെ അത് നിലനില്ക്കുന്നു. പരിപാലനവും അവന്റേതാണ്. അവൻ തന്നെയാണ് നമ്മൾ ജനിക്കുന്നതിന് മുമ്പേ നമുക്കുവേണ്ടി എല്ലാം ഒരുക്കിവച്ചത്. നമ്മുടെ ജീവിതം സുഗമമാക്കുന്നതിനുള്ള ഏർപ്പാടും ചെയ്തു. എല്ലാ വസ്തുക്കളും അവൻ സംഘടിപ്പിച്ചുതന്നു. സമർപ്പണത്തിന്നർഹമായിട്ട് മറ്റൊരു വസ്തുവുമില്ല. ഇപ്രകാരം നിങ്ങളും ആരാധനയിലും സ്നേഹത്തിലും അവന്റെ പരിപാലനത്തിലും അവനോടൊപ്പം ആരേയും പങ്കാളിയാക്കരുത്. ഇപ്രകാരം നിങ്ങൾ ചെയ്താൽ അത് നീതിയാണ്. അതായിരുന്നു നിങ്ങളുടെ നിർബന്ധകടമയും. അല്ലാഹു എന്റെ റബ്ബാണെന്നും, അല്ലാഹുവിനോടാണ് ഏറ്റവും സ്നേഹമുണ്ടാകേണ്ടതെന്നും, അല്ലാഹുവിനെ കൂടാതെ ആരേയും ആരാധിക്കരുതെന്നും മനസ്സിലാക്കിയാൽ, അല്ലാഹുവിനെക്കുറിച്ചുള്ള നീതി നിങ്ങൾ നടപ്പിലാക്കി എന്നാണർത്ഥം. പിന്നീട് ഇതിൽ അഭിവൃദ്ധിപ്പെട്ടാൽ 'ഇഹ്സാൻ' എന്ന പദവിയിൽ എത്തുന്നു. അതെന്താണെന്നുവച്ചാൽ, നിങ്ങൾ അവന്റെ മഹത്വവും പ്രതാപവും ഒരിക്കലും അസ്തമിക്കാത്ത അവന്റെ സൗന്ദര്യം കണ്ടിരിക്കുന്നു എന്ന നിലയിൽ അവന്റെ മഹത്വങ്ങളെ വിശ്വസിക്കുന്നവരും അവനെ ആരാധിക്കുമ്പോൾ അവനോടുള്ള സ്നേഹത്തിൽ അലിഞ്ഞുചേർന്നവരും ആയിത്തീരുക."

നീതിയിൽനിന്ന് അഭിവൃദ്ധിപ്പെട്ടാൽ അടുത്തത് പ്രത്യുപകാരത്തിന്റെ പദവിയാണ്. അല്ലാഹുവിന്റെ സകല സവിശേഷഗുണങ്ങളേയും തിരിച്ചറിയാൻ ശ്രമിക്കുക എന്നതാണത്; അതനുസരിച്ച് അവനോടുള്ള സ്നേഹത്തിൽ ലയിക്കുക. അവന്റെ ഔദാര്യങ്ങളുടെ സ്മരണ എപ്പോഴും നിങ്ങളുടെ നാവിൽ ഉണ്ടായിരിക്കണം. ഇതിനുശേഷമുള്ള പദവിയാണ് ***ഈതാഇദിൽ ഖുർബാ***. നിങ്ങളുടെ ആരാധന, നിങ്ങളുടെ സ്നേഹം നിങ്ങളുടെ അനുസരണം തുടങ്ങിയവയിൽ നിന്ന് എല്ലാതരം ജാഡകളും കൃത്രിമങ്ങളും അകറ്റി നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ സ്മരിക്കുന്നതുപോലെ അവനെ സ്മരിക്കുക. കുഞ്ഞ് അതിന്റെ പ്രിയപ്പെട്ട ഉമ്മയെ സ്നേഹിക്കുന്നതുപോലെ നിങ്ങൾക്ക് അവനോട് സ്നേഹമുണ്ടാകണം. നിസ്വാർത്ഥമായ സ്നേഹമുണ്ടാകണം. ബുദ്ധിമുട്ടിലകപ്പെടുമ്പോൾ, പള്ളിയിൽ വരികയും ദീർഘമായി സുജൂദ് ചെയ്യുകയും മറ്റ് ആരാധനകൾ ആരംഭിക്കുകയും, ഐശ്വര്യവും സമ്പന്നതയും കൈവരുമ്പോൾ അല്ലാഹുവിനെ മറക്കുകയും, നമസ്കാരം മറക്കുകയും ആരാധനാകർമ്മങ്ങൾ മറക്കുകയും ചെയ്യുക എന്നതല്ല അത്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യകുലത്തോടുള്ള സഹതാപമാണ് രണ്ടാമത്തെ നിലയിലുള്ളത്. ഈ ഖുർആനിക വചനത്തിന്റെ അർത്ഥം, തന്റെ സഹോദരങ്ങളോടും മനുഷ്യകുലത്തോടും നീതിയോടെ വർത്തിക്കുക എന്നതാണ്. അവകാശപ്പെട്ടതല്ലാതെ, അവരോട് ചോദിക്കരുത്. നീതിയിൽ നിലകൊള്ളുക. ഈ പദവിയിൽനിന്ന് അഭിവൃദ്ധിപ്പെടുമ്പോൾ ഇഹ്സാന്റെ ദർജയിൽ എത്തുന്നു. അതെന്താണെന്നുവച്ചാൽ, നീ നിന്റെ സഹോദരന്റെ തിന്മയ്ക്കെതിരെ നന്മ ചെയ്യുക എന്നതാണത്." എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ പകരം വീട്ടുന്നതിനു പകരം, നന്മകൊണ്ട് അവൻ നന്നാകുമെന്ന് കണ്ടാൽ അത് ചെയ്യുക. "അവനെ മുറിവേല്പിക്കുന്നതിനു പകരം നിങ്ങൾ അവന് സൗഖ്യം പകരുക." നിങ്ങളെ ബുദ്ധിമുട്ടിച്ചതിനുപകരം നിങ്ങൾ അവന് സന്തോഷമുണ്ടാക്കാൻ ശ്രമിക്കുക. മനുഷ്യത്വവും നന്മയും എന്ന നിലയിൽ, ആപൽസന്ദർഭങ്ങളിൽ അവനെ സഹായിക്കുക. ഇതാണ് ഇഹ്സാൻ. ഇതിനുശേഷം വരുന്നത് ***ഈതാഇദിൽഖുർബാ***യുടെ പദവിയാണ്. അതെന്താണെന്നുവെച്ചാൽ നീ എത്രത്തോളം നിന്റെ സഹോദരനോട് നന്മ ചെയ്യുന്നുവോ അല്ലെങ്കിൽ എത്രമാത്രം മനുഷ്യകുലത്തിന് നന്മ ചെയ്യുന്നുവോ, അതിനായി ഒരുതരത്തിലുള്ള ഔദാര്യവും ആഗ്രഹിക്കാതിരിക്കുക. മറിച്ച്, സ്വാഭാവികമായി ഒരുതരത്തിലുള്ള ആഗ്രഹങ്ങളും കൂടാതെ നിങ്ങളിൽ നിന്ന് അതുണ്ടാകേണ്ടതാണ്. അടുത്തബന്ധുക്കളോടെന്നപോലെ അന്യരോടും പെരുമാറുക. (അടുത്തബന്ധുക്കളോട് എങ്ങനെയാണോ നന്മ പ്രവർത്തിക്കുന്നത് അതുപോലെ അന്യരോട് നന്മ പ്രവർത്തിക്കുക) ഇതാണ് ***ഈതാഇദിൽ ഖുർബാ***. ധാർമ്മികസ്വഭാവത്തിന്റെ അവസാനത്തെ പൂർണ്ണതയാണിത്. സൃഷ്ടികളോടുള്ള സഹതാപത്തിൽ ഒരുതരത്തിലുള്ള സ്വാർത്ഥതയും ഉണ്ടാകാതിരിക്കുക. മറിച്ച്, മാനുഷികമായ സാഹോദര്യത്തിന്റെയും ബന്ധുത്വത്തിന്റെയും ആവേശം ഉന്നതമായ നിലയിൽ വെളിപ്പെട്ട് യാതൊരുവിധ ജാഡയും കൂടാതെ, ദുആയോടും, നന്ദിയോടും പ്രാർത്ഥനയോടുംകൂടി മറ്റൊന്നും ആഗ്രഹിക്കാതെ പ്രകൃതിപരമായനിലയിൽ ആ നന്മ പ്രത്യക്ഷമാകേണ്ടതാണ്.

ഈ ഖുർആനിക വചനത്തിന്റെ ആദ്യഭാഗത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയിട്ടുള്ള മനോഹരമായ ചിത്രമാണിത്. അല്ലാഹുവിനുവേണ്ടി ആത്മാർത്ഥതയോടുകൂടി ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്ന സത്യവിശ്വാസിയിൽനിന്ന് ഏതൊരു നീതിയാണോ പ്രതീക്ഷിക്കുന്നത് അത് വിശദീകരിക്കുന്നു. അഹ്മദികളോട് പറയട്ടെ, നബി(സ)തിരുമേനി നമ്മുടെ മുമ്പിൽ സ്ഥാപിച്ചിട്ടുള്ള ജീവിതമാർഗ്ഗത്തിലൂടെ നടക്കുന്നവരാണെന്നുള്ളതാണ് നമ്മുടെ വാദം.

അല്ലാഹു, നബി(സ)ന് ഇറക്കിക്കൊടുത്ത അധ്യാപന ങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അതിന്റെ യഥാർത്ഥ ജ്ഞാനം ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കി. നാം വെറും വാക്കുകളിൽ മാത്രം ഒതു ങ്ങുകയാണെങ്കിൽ, നമ്മുടെ പ്രവർത്തനപരമായ അവസ്ഥ മാറ്റാൻ ശ്രമിക്കുന്നില്ലെങ്കിൽ, നമ്മുടെ ആ വാദത്തിന് ഒരു പ്രസക്തിയും ഉണ്ടാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി ഞാൻ കേൾപ്പിക്കുകയുണ്ടായി. അതിൽ മൂന്ന് പുണ്യ കർമ്മങ്ങൾ ചെയ്യാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. അതുമുഖേന അല്ലാഹുവിനോടുള്ള കടമകൾ നിറവേ റ്റപ്പെടുന്നതാണ്. അതുപോലെതന്നെ സമസൃഷ്ടികളോ ടുള്ള കടമകളും. പക്ഷേ, ഈ വചനത്തിന്റെ രണ്ടാ മത്തെ ഭാഗത്ത് മൂന്ന് ദോഷങ്ങളെക്കുറിച്ചും അടയാള പ്പെടുത്തിയിരിക്കുന്നു. ആത്മാർത്ഥതയോടുകൂടി അല്ലാ ഹുവിനെ മാത്രം ആരാധിക്കുന്ന ഒരു മനുഷ്യനാണെ ങ്കിൽ, ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന ആ ദോഷ ങ്ങൾ അവനിൽ ഉണ്ടാകുമെന്ന് വിശ്വസിക്കാൻ പറ്റുക യില്ല. കാരണം ആ ദോഷങ്ങളിൽനിന്നെല്ലാം ആരാധ നകൾ മനുഷ്യനെ അകറ്റിനിർത്തുന്നതാണെന്ന് അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ട്. മനുഷ്യൻ ആത്മാർത്ഥ തയോടുകൂടി അല്ലാഹുവിനെ ആരാധിക്കുകയാണെ ങ്കിൽ, നമസ്കരിക്കുകയാണെങ്കിൽ ഇത്തരം ദോഷക രമായ കാര്യങ്ങളെല്ലാം അവനിൽനിന്ന് അകന്നുപോകുന്നതാണ്- അല്ലാഹു വിശുദ്ധഖുർആ നിൽ പറഞ്ഞതുപോലെ.

***ഇന്നസ്സ്വലാത്ത തൻഹ അനിൽഫഹ്ശായി വൽമുൻകർ*** തീർച്ചയായും നമസ്കാരം നീചപ്ര വൃത്തികളിൽനിന്നും നികൃഷ്ടകർമ്മങ്ങളിൽനിന്നും തട യുന്നു. നന്മയുടെ നിലവാരം ഉയരുന്നതിന് ഒരു നന്മ യ്ക്കുശേഷം മറ്റൊരു നന്മ കരസ്ഥമാക്കുക എന്ന് അല്ലാഹു പറയുന്നതിനോടൊപ്പം ആ നന്മ കരസ്ഥമാ ക്കുന്നതിനുവേണ്ടി തിന്മയ്ക്കെതിരെ പോരാടേണ്ടതും അത്യാവശ്യമാണെന്ന് പറഞ്ഞിരിക്കുന്നു. ഇല്ലെങ്കിൽ ഈ തിന്മകൾ ആ പുണ്യകർമ്മങ്ങൾ ചെയ്യുന്നതിന് തടസ്സമായിരിക്കും. അതുകൊണ്ട് നീചപ്രവൃത്തികളിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹു പറയുന്നു. ***ഫഹ്ശാഅ്*** എന്ന പദത്തിൽനിന്ന് അത് ചെയ്യുന്നവനു മാത്രം അറി യുന്ന കാര്യങ്ങളാണെന്ന് സൂചന ലഭിക്കുന്നുണ്ട്. മറ്റു ള്ളവർ അതറിയുകയില്ല. അല്ലെങ്കിൽ ഒരു പരിധിവരെ ആ തിന്മകൾ മറ്റുള്ളവരിൽനിന്നും മറഞ്ഞിരിക്കുന്നു. ഒരു മനുഷ്യൻ സത്യവിശ്വാസിയും യഥാർത്ഥ ആരാ ധകനായുംകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയു മ്പോൾ, ഏറ്റവും ആദ്യം അവൻ തന്റെ ആത്മാവിനെ മുന്നിൽവച്ചും തന്റെ തിന്മകൾ നോക്കിക്കണ്ടും അല്ലാ ഹുവിനോട് അതകറ്റാൻ പ്രാർത്ഥിക്കുന്നു. ഈ അവ സ്ഥയുണ്ടാകുമ്പോൾ അവൻ സ്വയം നീതിയും ന്യായവും പുലർത്താൻ തുടങ്ങുന്നു. ആത്മാവിനെ പൂർണ്ണമായി ശുദ്ധീകരിക്കാൻ ശ്രമിക്കാത്തിടത്തോളം അല്ലാഹുവിനെ ആരാധിക്കുക എന്ന കടമ നിറവേറ്റ പ്പെടുകയില്ല. ഇപ്രകാരംതന്നെ ആത്മാവിന്റെമേൽ ദൃഷ്ടി യില്ലാതിരിക്കുകയും ഓരോ തിന്മയും പുറത്തേക്കെ ടുത്തെറിയാൻ ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ മറ്റു ള്ളവരോട് നീതിപുലർത്തുക എന്ന ആവശ്യവും പൂർത്തിയാവുകയില്ല.

നീതിയുടെ തേട്ടം എന്താണോ അത് പുറത്തു ള്ളവരുമായി പൂർത്തിയാക്കുന്നതിന ആദ്യം സ്വന്തം ആത്മാവിനെ നീതിയുടെ തട്ടിൽ നിറുത്തേണ്ടതായി വരും. ഒരു സത്യവിശ്വാസി ഇതിനുവേണ്ടി ശ്രമിക്കു മ്പോൾ അവന്റെ ശ്രദ്ധ അല്ലാഹുവിലേക്ക് മാത്രം തിരി യുന്നു. പിന്നീട് അല്ലാഹു പറയുന്നത് നികൃഷ്ടകർമ്മ ങ്ങളിൽനിന്ന് രക്ഷപ്പെടുക എന്നാണ്. അതായത്, അനി ഷ്ടകരമായ കാര്യങ്ങളിൽനിന്ന് അകന്നുനില്ക്കുക. മറ്റു ള്ളവർക്ക് ദോഷം ചെയ്യുന്ന കാര്യമാണോ അതെന്ന് നോക്കുക. ഉദാഹരണത്തിന് ചിലപ്പോൾ ചിലർക്ക് കളവ് പറയുന്ന ശീലമുണ്ടാകും. അത് മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്നതോ സ്വന്തം നേട്ടം ഉണ്ടാക്കുന്നതോ അല്ലെങ്കിൽതന്നെയും ഓരോ കാര്യവും തെറ്റായി സമർപ്പിക്കുന്ന ശീലം വളർത്തുന്നതായിരിക്കും. അല്ലെ ങ്കിൽ പറയുന്ന കാര്യം വ്യക്തമായിരിക്കുകയില്ല. ചിലർക്ക് ചീത്തവിളിക്കുന്ന ശീലമുണ്ടാകും.

ഒരു സംഭവകഥയുണ്ട്. ഖലീഫത്തുൽ മസീഹ് ഥാനിയോട് ആരോ ഒരാൾ ഇന്നയാൾ എപ്പോഴും ചീത്ത പറയുന്നുവെന്ന് പരാതി പറഞ്ഞു. ഖലീഫ ത്തുൽ മസീഹ് ഥാനി(റ) അദ്ദേഹത്തെ വിളിച്ചിട്ട് ഇക്കാ ര്യത്തെക്കുറിച്ച് ചോദിച്ചു. ഉടനെ അയാൾ ഒരു വലിയ ചീത്ത പറഞ്ഞുകൊണ്ട് ഞാൻ ചീത്ത പറയുന്നുവെന്ന് ആരാണ് താങ്കളോട് പറഞ്ഞതെന്ന് തിരിച്ചുചോദിച്ചു.

ചിലർക്ക് ഇതൊരു ശീലമാണ്. ഇതിൽനിന്ന് ശുദ്ധീകരണമുണ്ടാകണം. കാരണം കളവ്, തെറ്റായ രീതിയിലുള്ള വിവരണം നൽകൽ തുടങ്ങിയവ നഷ്ട മുണ്ടാക്കാൻ പറയുന്നതല്ലെങ്കിൽതന്നെയും അതിന്റെ ശീലമുണ്ടായിക്കഴിഞ്ഞാൽ നല്ല മനുഷ്യനും കള്ള നായി തീരും. പിന്നീട് സ്വന്തം നേട്ടത്തിനായി തെറ്റായ ആയുധം പ്രയോഗിക്കും. അതുകൊണ്ട് അല്ലാഹു പറ ഞ്ഞു, അത്തരക്കാർ ആത്മാർത്ഥതയോടെ അല്ലാഹു വിനെ ആരാധിക്കുന്നവരായിരിക്കുകയില്ല. കാരണം ആത്മാർത്ഥതയോടുകൂടി നമസ്കരിക്കുന്നവരിൽ ഈ ദോഷങ്ങളൊന്നും ഉണ്ടാകുകയില്ലെന്നത് അല്ലാഹു വിന്റെ പ്രഖ്യാപനമാണ്. ആ വചനത്തിന്റെ ഭാഗം ഞാനും നിങ്ങളെ കേൾപ്പിക്കുകയുണ്ടായി.

മൂന്നാമത്തെ തിന്മ ഇവിടെ പറഞ്ഞിരിക്കുന്നത് ***ബഗാവത്ത്*** അഥവാ നിയമലംഘനമാണ്. മറ്റുള്ളവരുടെ

അവകാശം തട്ടിപ്പറിച്ചെടുക്കലാണ്. സമൂഹത്തിൽ കലഹം സൃഷ്ടിക്കലാണ്. ഒരുവൻ മറ്റൊരുവന്റെ അവകാശം തട്ടിപ്പറിച്ചെടുക്കാൻ തുടങ്ങുമ്പോൾ സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്നതിന് കാരണക്കാരനായിത്തീരുന്നു. അവന് നീതിയുടെ തേട്ടമെന്താണോ അത് പാലിക്കാൻ സാധിക്കുകയില്ല. പള്ളികളിൽ വന്ന് നമസ്കരിക്കാൻ ശ്രമിക്കുമെങ്കിലും അതിൽനിന്ന് അവന് ലഭിക്കേണ്ട ആ ഉദ്ദേശ്യം ലഭിക്കുകയുമില്ല. ഒരു ഭാഗത്ത് താൻ പള്ളി പണിതത് ആത്മാർത്ഥതയോടുകൂടി അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് നീതിയും ന്യായവും സ്ഥാപിക്കാനാണെന്ന് വാദിക്കുകയും മറുഭാഗത്ത് നിയമലംഘനം നടത്തുകയും ചെയ്യുക എന്നത് സംഭാവ്യമല്ല. അതുകൊണ്ടാണ് ഇത്തരം പ്രവണതകളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു പറഞ്ഞിരിക്കുന്ന മാർഗ്ഗമനുസരിച്ച് നടക്കുക എന്നത് നിർബന്ധമാകുന്നത്. അതിനുവേണ്ടുന്ന ഏറ്റവും അടിസ്ഥാനപരമായ കാര്യം ഞാൻ പറഞ്ഞതുപോലെ തന്നിലേക്ക് തന്നെ എത്തിനോക്കി ആത്മപരിശോധന നടത്തിക്കൊണ്ട് സ്വന്തം ആത്മാവിനെ പരിശുദ്ധമാക്കുക എന്നതാണ്. അപ്പോൾ സമൂഹത്തെ വിഷമിപ്പിക്കുന്ന നിസ്സാരമായ തിന്മപോലും അകലുകയും നിയമലംഘനം എന്ന ദോഷത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും. ഇല്ലെങ്കിൽ അത് ജമാഅത്തിന്റെ വ്യവസ്ഥിതിയിൽനിന്നും അകറ്റിക്കളയുന്നതാണ്. പിന്നീട് ഖിലാഫത്തിനേയും നിഷേധിപ്പിച്ചുകളയും. അത്തരക്കാർ പിന്നീട് ആത്മാർത്ഥതയോടെ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് പിന്തള്ളപ്പെട്ടുപോകുന്നു. എന്നല്ല, ബാഹ്യരൂപത്തിലുള്ള ആരാധനപോലും അവരിൽ ഉണ്ടാവുകയില്ല. നിയമലംഘകൻ നീതിയുടെ തേട്ടമെന്താണോ അത് പാലിക്കുകയില്ല. ആത്മാർത്ഥതയോടുകൂടി ദൈവാരാധന നടത്താനും അവന് സാധിക്കുകയില്ല. നിയമലംഘനം നടത്തുന്ന ആരേയും നിങ്ങൾ എടുത്തുനോക്കിക്കൊള്ളുക, അവർ തങ്ങളുടെ തൻപോരിമയുടെ വലയിൽ കുടുങ്ങിക്കിടക്കുന്നതായി കാണാം. തൻപോരിമയുടെ വലയിൽ കുടുങ്ങുന്നവന് ഒരിക്കലും വിനയം കാണിക്കാൻ സാധിക്കുകയില്ല. വിനയം കാണിക്കാത്തവന് ആത്മാർത്ഥതയോടെ അല്ലാഹുവിനെ ആരാധിക്കുന്നവനാകാനും കഴിയുകയില്ല. നീതിയുടെ തേട്ടമെന്താണോ അത് നിറവേറ്റാനും സാധിക്കുകയില്ല. അതുകൊണ്ട് ഓരോ അഹ്മദിയും, അവർക്ക് അല്ലാഹുവിന്റെ യഥാർത്ഥ ദാസരാകുകയും ഈ പള്ളിയുടെ നിർമ്മാണത്തിൽനിന്ന് ഫലമെടുക്കുകയും ചെയ്യണമെങ്കിൽ– ഇതിലേക്ക് ഈയിടെയായി നിങ്ങളുടെ ശ്രദ്ധ അധികം പതിയാൻ തുടങ്ങിയിട്ടുണ്ട്– അല്ലാഹു പറഞ്ഞിട്ടുള്ള ആ തിന്മകളിൽനിന്നെല്ലാം അകലുകയും അവൻ കല്പിച്ചിട്ടുള്ള നന്മകളെല്ലാം ചെയ്യുകയും വേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവുമായിട്ടുള്ള ബന്ധം, മനുഷ്യൻ തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും എന്നിട്ട് വെറുതെ നാവുകൊണ്ട് താൻ അല്ലാഹുവുമായി ബന്ധമുണ്ടാക്കിയിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നതുകൊണ്ട് ഉണ്ടാവുകയില്ല. ബയ്അത്തിന്റെ വചനങ്ങൾ ഏറ്റുപറയുകയും ജമാഅത്തിൽ പേരെഴുതിപ്പിക്കുകയും ചെയ്താൽ അത് അല്ലാഹുവുമായിട്ട് ബന്ധം ഉണ്ടായിഎന്നതിന് ഒരു തെളിവുമാവുകയില്ല. അല്ലാഹുവിനോട് ബന്ധം സ്ഥാപിക്കാൻ ഒരു വിലയനത്തിന്റെ ആവശ്യമുണ്ട്. ഇതിൽ നിലകൊള്ളാൻ നാം ആവർത്തിച്ചാവർത്തിച്ച് നമ്മുടെ ജമാഅത്തിനോട് പറയുന്നു." വേറൊരിടത്ത് ആ മഹാത്മാവ് പറയുന്നു. "നിങ്ങളുടെ പ്രവൃത്തി പ്രാർത്ഥനകളിലും പാപപ്പൊറുതി തേടുന്നതിലും ആരാധനകളിലും പരിശുദ്ധിയിലും മുഴുകുക എന്നതായിരിക്കണം. ഇപ്രകാരം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചുള്ള (ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിനോട് വാഗ്ദാനം ചെയ്തിട്ടുള്ള) അനുഗ്രഹങ്ങൾക്ക് പാത്രമായിത്തീരാൻ നിങ്ങൾ സ്വയം നിങ്ങളെ അർഹരാക്കിത്തീർക്കുക."

മറ്റൊരു സ്ഥലത്ത് ആ പുണ്യാത്മാവ് പറയുന്നു "സ്വഭാവങ്ങൾ പരിശുദ്ധമാക്കിത്തീർക്കുക എന്നത് നമ്മുടെ ജമാഅത്തിന്റെ അങ്ങേയറ്റം നിർബന്ധമായ കടമയാണ്. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്." ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിട്ടുള്ള പാഠം. ഇതുതന്നെയാണ് ആ പുണ്യാത്മാവ് നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നതും.

ആത്മാർത്ഥരായിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീരാനും നീതിയുടെ തേട്ടം എന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് അത് പൂർത്തിയാക്കി അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും ആത്മാവിന്റെ പരിശുദ്ധിയിലേക്ക് എപ്പോഴും ശ്രദ്ധിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും അല്ലാഹുവിനോട്, നമ്മുടെ ആരാധനകളും നമ്മുടെ ത്യാഗങ്ങളും സ്വീകരിക്കാൻ യാചിക്കുന്നവരായി അവൻതന്നെ നമ്മെ മാറ്റുമാറാകട്ടെ. അവൻ നമുക്കിതിന് സൗഭാഗ്യം നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 15.08.2008 at Humburg, Germany

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala